# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 514

12.06.2012-ലെ മറുപടിയ്ക്ക്

**പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട അംഗങ്ങൾക്ക് വായ്പാ തിരിച്ചടവിനുള്ള നിർദ്ദേശങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി. എസ്. ജയലാൽ | | ശ്രീ. സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി) |
| (എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുകയും, കുടിശ്ശിക വരുത്തി ജപ്തി നടപടികൾക്ക് വിധേയരാകുകയും ചെയ്യുന്ന പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അംഗങ്ങൾക്ക് വായ്പ തിരിച്ചടയ്ക്കുന്നതിലോ, പലിശ ഇളവ് ചെയ്ത് നൽകുന്നതിനോ എന്തെങ്കിലും ഉത്തരവുകളോ, നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ; | (എ) & (ബി) | സംസ്ഥാനത്തെ പട്ടികജാതി/പട്ടിക വർഗ്ഗ/പരിവർത്തിത ക്രൈസ്തവ ജനവിഭാഗങ്ങൾ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.3.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ വായ്പകളിൽ 25,000/- രൂപ വരെയുള്ളത് പലിശയും പിഴപ്പലിശയും ഉൾപ്പെടെ എഴുതിതള്ളുന്നതിനും അതിന് മുകളിലുള്ള തുകയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനും 12.11.2009 ലെ സ.ഉ.(അച്ചടി) 100/09/പജപവ.വിവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ടി പദ്ധതി നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സമയ പരിധി 30.6.2012 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) പ്രസ്തുത വിഷയത്തിൽ ഉത്തരവ് നൽകിയിട്ടുണ്ടെങ്കിൽ അത് ഏതുതരം വായ്പകൾക്കാണ് ബാധകമെന്നും, എത്ര രൂപ വരെ ഇളവ് അനുവദിക്കുമെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ